**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2474** **07.02.2019 ൽ മറുപടിയ്ക്ക്**

**റിന്യൂവബിൾ എനർജി എൻവയൺമെന്റ് ഫെഡറേഷൻ നിവേദനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ** | | **ശ്രീ. എം. എം. മണി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | മെച്ചപ്പെട്ട വിറകടുപ്പിനുള്ള സബ്സിഡി നിർത്തലാക്കിയത് മൂലം നിർമ്മാണ രംഗത്തെ തൊഴിലാളികൾ പട്ടിണിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇക്കാര്യം സംബന്ധിച്ച് റിന്യൂവബിൾ എനർജി എൻവയൺമെന്റ് ഫെഡറേഷൻ നിവേദനം സമർപ്പിച്ചിരുന്നോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | റിന്യൂവബിൾ എനർജി എൻവയൺമെന്റ് ഫെഡറേഷൻ സമർപ്പിച്ച സബ്സിഡി സംബന്ധിച്ച നിവേദനം അനെർട്ടിൽ ലഭിച്ചിട്ടുണ്ട്.<br>മെച്ചപ്പെട്ട വിറകടുപ്പിന്റെ വ്യാപനത്തിനായി അനെർട്ട് പ്രോത്സാഹനവും പ്രചാരണവും നൽകിവരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി മെച്ചപ്പെട്ട വിറകടുപ്പുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. മെച്ചപ്പെട്ട വിറകടുപ്പുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവയെ സംബന്ധിച്ച് PRD മുഖേന ആകാശവാണിയിൽ ആവശ്യമായ പരസ്യങ്ങൾ അനെർട്ട് മുഖാന്തിരം നൽകിവരുന്നു. അഞ്ച് ദിവസം തുടർച്ചയായി കേരളത്തിലെ എല്ലാ റേഡിയോ നിലയങ്ങൾ വഴി ഇതു സംബന്ധിച്ച കാര്യങ്ങൾ പ്രക്ഷേപണം ചെയ്തിരുന്നു. |
| (സി) | മാലിന്യ സംസ്കരണ രംഗത്തെ ഏറ്റവും ജനപ്രിയ മോഡലായ ദീനബന്ധു ഉൾപ്പെടെയുള്ള പ്ലാന്റുകൾക്ക് നിർമ്മാണ ചെലവിന് ആനുപാതികമായ സബ്സിഡി നല്കുമോ; | (സി) | ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും കൃഷി വകുപ്പ് മുഖേനയും ബയോഗ്യസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി ലഭ്യമാണ്. |
| (ഡി) | പ്രളയദുരിത മേഖലയിലെ ബയോഗ്യാസ് പ്ലാന്റുകൾ, മെച്ചപ്പെട്ട വിറകടുപ്പുകൾ, കമ്മ്യൂണിറ്റി അടുപ്പുകൾ എന്നിവയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ അനെർട്ടിലെ തൊഴിൽ സംരംഭകർക്ക് കൂടുതൽ തൊഴിൽ അവസരം അനുവദിക്കുമോ; വിശദമാക്കാമോ? | (ഡി) | പ്രളയദുരിത മേഖലയിലെ ബയോഗ്യാസ് പ്ലാന്റുകൾ, മെച്ചപ്പെട്ട വിറകടുപ്പുകൾ, കമ്മ്യൂണിറ്റി അടുപ്പുകൾ എന്നിവയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ ടെക്നീഷ്യൻമാരുടെ സേവനം പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്ന തിനായി ഇവരുടെ പേര്, വിലാസം, ഫോൺ നമ്പർ എന്നിവ സഹിതം . അനെർട്ടിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ അനെർട്ടിന്റെ ജില്ലാ ഓഫീസുകളിലും ടി വിവരം ലഭ്യമാണ്. |

**സെക്ഷൻ ഓഫീസർ**